


# നമ്മുടെ പള്ളി ചരിത്രത്തിലൂടെ

**Important Note:** This historical document is dated March 1 2009, and hence details provided are as on March 1 2009. Please refer the English version for recent updates

## Contents

മുളക്കുളം വലിയപള്ളി ..... 2
സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്തഡോക്സ് പാറേൽ പള്ളി മുളക്കുളം ..... 3
സെന്റ്ജോർജ് ചാപ്പൽ, ഇടിയാറ – സ്ഥാപിതം 1889 ..... 4
സെന്റ് ഗ്രീഗോറിയോസ് ചാപ്പൽ കണ്ണീറ്റുമല ..... 4
മാർ കുര്യാക്കോസ് സഹദാചാപ്പൽ ചെറുകുന്നേൽതാഴം ..... 5
നമ്മുടെ പള്ളിയോട് ചേർന്നുള്ള ഇന്നത്തെ ഗവഃ ഹയർ സെക്ക  റി സ്ക്കൂൾ ..... 6
പള്ളിയിൽ സേവനം ചെയ്ത വൈദികർ. ..... 7

പാറേൽ പള്ളി പുതിയ തലമുറയുടെ അറിവിലേയ്ക്കായി പഴമകളുടെ ഏടുകളിൽ നിന്നും ലഭ്യമായ ചില വിവരങ്ങൾ കുറിക്കുകയാണ്. ഈ ദേവാലയത്തെക്കുറിച്ച് പറയുമ്പോൾ നമ്മുടെ മാതൃദേവാലയ മായ മുളക്കുളം വലിയ പള്ളിയെ ആണല്ലോ ആദ്യമായി അനുസ്മരിക്കേണ്ടത്.

## മുളക്കുളം വലിയപള്ളി

മുളക്കുളം വടക്കേക്കരയിലും തെക്കേക്കരയിലുമുള്ള ക്രിസ്തീയ വിശ്വാസികളുടെ ആവശ്യപ്രകാരം, അവർക്ക് ഒരുമിച്ചു കൂടി പ്രർത്ഥിക്കുന്നതിനും ആരാധന നടത്തുന്നതിനുമായി അക്കാലത്തെ നാടുവാഴി യായിരുന്ന രാമൻ രാമവർമ്മ അവർകൾ ദാനമായി അനുവദിച്ചു തന്ന സ്ഥലത്ത് കൊല്ലവർഷം 740–ാമാ ് കർക്കിടക മാസം7–ാം തീയതി ( 1565 ജൂലൈ മാസം 23) സ്ഥാപിതമായതാണ് മുള ക്കുളം വലിയ പള്ളി എന്നറിയപ്പെടുന്ന മാർയൂഹാനോൻ ഈഹിദോയോ ഓർത്തഡോക്സ് പള്ളി. ഈ പള്ളി സ്ഥാപിതമാകുന്ന കാലഘട്ടത്തിൽ ഇന്നറിയപ്പെടുന്നതു പോലുള്ള വിവിധ ക്രിസ്തീയ സഭകൾ ഇല്ലായിരുന്നു.മലങ്കര നസ്രാണികൾ എന്നറിയപ്പെടുന്ന ഒരു ക്രിസ്തീയ സമൂഹം മാത്രമേ ഉണ്ടായിരുന്നു ള്ളൂ.കാലക്രമേണ പോർട്ടുഗീസ് ആധിപത്യം നമ്മുടെ നാട്ടിലുണ്ടായി. അവർ കത്തോലിക്കാ വിശ്വാസി കളായിരുന്നു. നമ്മുടെ പള്ളിയിലെ വിശ്വാസികളുടെ ഇടയിൽ സ്വാധീനം ചെലുത്തി. രണ്ടു വിഭാഗ മായി തിരിഞ്ഞു. കത്തോലിക്കാ വിശ്വാസം സ്വീകരിച്ചവർ വേറെ പള്ളി വച്ചു പിരിഞ്ഞുപോയി. ആ പള്ളിയാണ് ഇന്ന് കോമച്ചൻകുന്നേൽ പള്ളി എന്ന പേരിൽ അറിയപ്പെടുന്ന മുളക്കുളം കാത്തോലിക്കാ പള്ളി. വൈദ്യുതി ഒന്നും നമ്മുടെ നാട്ടിൽ എത്തിയിട്ടില്ലാത്ത കാലം. ആ കാലഘട്ടത്തിൽ രാത്രി കാല ആരാധനകൾക്ക് വെളിച്ചം കിട്ടുന്നതിനായി ഉപയോഗിച്ചിരുന്ന ചില്ലു വിളക്കുകൾ പള്ളിക്കുള്ളിൽ നിര നിരയായി തൂക്കിയിട്ടിരിക്കുന്നത് കാണുവാൻ എത്ര മനോഹരമാണെന്നു കാണുക. പള്ളിയുടെ ഉൾ വശത്തിന്റെ ഫോട്ടോ ചേർക്കുന്നു. ഈ പള്ളിയിൽ നിന്നും ആദ്യമായി പുതിയ ഇടവകയായി പിരിഞ്ഞ താണ് മണ്ണുക്കുന്നുപള്ളി. കർമ്മേൽക്കുന്നുപള്ളിയും പാറേൽപള്ളിയും.

## മുളക്കുളം വലിയപള്ളിയുടെ ഉൾവശം



444 വർഷങ്ങൾക്കു മുമ്പ് നമ്മുടെ പൂർവ്വീക പിതാക്കന്മാർ അത്യദ്ധ്വാനം ചെയ്തുണ്ടാക്കിയ പള്ളി കക്ഷി വഴക്കുകളുടെ പേരിൽ ദീർഘ നാളുകളായി ആരാധനയില്ലാതെ അടഞ്ഞുകിടക്കുകയാണെന്ന കാര്യം വ്യസന സമേതം ഓർമ്മിക്കുന്നു. മൺമറഞ്ഞുപോയ മുറന്തൂക്കിൽ അച്ചന്മാർ, കളരിയ്ക്കത്താഴത്ത് സ്കറിയ അച്ചൻ, ഈനാകുളത്തിൽ ചാക്കോ അച്ചൻ, മേടമന സ്കറിയ അച്ചൻ, തൊട്ടിയിൽ പൗലോസ്

അച്ചൻ, വെള്ളിയാമ്മാരിൽ യാക്കോബ് അച്ചൻ, പുത്തൂർ കുര്യൻ അച്ചൻ, മുതലായവർ മുളക്കുളം വലിയ പള്ളിയുടെയും ,മുളക്കുളംവടക്കും തെക്കും കരകളുടെയും ഉന്നമനത്തിനായി പ്രവർത്തിച്ചിരുന്നു. മേൽപ്പറഞ്ഞ അച്ചന്മാരിൽ മുറന്തൂക്കിൽ അച്ചന്മാരായ കുര്യാളഅച്ചൻ, യാക്കോബ് അച്ചൻ, കളരിക്കത്താഴത്ത് സ്കറിയാ അച്ചൻ,തൊട്ടിയിൽ പൗലോസ് അച്ചൻ,മുതൽ പേരെ പള്ളിമുറ്റത്താണ് അടക്കം ചെയ്തിരുന്നത്. പള്ളി ഇന്നത്തെ നിലയിൽ പുതുക്കിപ്പണിതപ്പോൾ ആ കല്ലറകൾ എല്ലാം ഇപ്പോഴത്തെ ഹൈക്ക്ലാ സ്ഥിതി ചെയ്യുന്ന ഭാഗത്തായി മാറി. ഈ വൈദികരുടെ ആരുടേയും ഫോട്ടോ ലഭ്യമല്ലാത്തതിനാൽ ഈക്കൂടെ ചേർക്കുവാൻ സാധിക്കുന്നില്ല.

മണ്ണുക്കുന്നു പള്ളി ഇടവകയായി മാറിയതോടെ പുത്തൂരച്ചൻ ആ പള്ളിയിലേക്ക് മാറി. നമ്മുടെ വലിയപള്ളിയിൽ പാത്രിയർക്കീസ് കക്ഷി എന്നും കത്തോലിക്കാ കക്ഷി എന്നും (ഇപ്പോൾ യാക്കോബായ സഭ എന്നും ഓർത്തഡോക്സ് സഭ എന്നും അറിയുന്നു.) തിരിവ് വന്നതിനുശേഷം പാത്രിയർക്കീസ് കക്ഷിയോടുചേർന്നു പ്രവർത്തിച്ച മൺമറഞ്ഞുപോയ ചാലപ്പുറത്തു വെല്യച്ചനും ദീർഘകാലം മുളക്കുളം വലിയ പള്ളിയിൽ സേവനമനുഷ്ഠിച്ചിട്ടു ്. ഇദ്ദേഹത്തെ മുളക്കുളം വലിയപള്ളിയുടെ സെമിത്തേരിയിലല്ല അടക്കം ചെയ്തിരിക്കുന്നത്. മൊറുന്തൂക്കിൽ വർക്കി മാത്യു അച്ചനേയും വെള്ളിയാമ്മാരിൽ യാക്കോബ് അച്ചനേയും, മേടമനഅച്ചനേയും,ഈനാകുളത്തിൽ അച്ചനേയും, കോച്ചേരിൽ അച്ചനേയും പള്ളി സെമിത്തേരിയിൽ പ്രത്യേകം തയ്യാറാക്കിയിരുന്ന കല്ലറകളിൽ അടക്കം ചെയ്തിരിക്കുന്നു.മൺമറഞ്ഞുപോയ എല്ലാപിതാക്കന്മാരെയും പ്രർത്ഥനാ പൂർവ്വം സ്മരിക്കുന്നു.

## സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്തഡോക്സ് പാറേൽ പള്ളി മുളക്കുളം


Old Parel Palli.

മുളക്കുളം വലിയപള്ളിയുടെ കിഴക്കുഭാഗത്തും പെരുമ്പടവം ഭാഗത്തുമുള്ള ഇടവകാംഗങ്ങളുടെ സൗകര്യാർത്ഥം വി.കുർബ്ബാന അർപ്പിക്കുവാൻ സാധിക്കത്തക്കവിധം ഒരു കുരിശുപള്ളി ഉ ാ യിക്കാണുവാൻ ഈ ഭാഗത്തുള്ളവർ ആഗ്രഹിച്ചു. തൽഫലമായി കൊല്ലവർഷം 1070 –ാം മാ ് കന്നിമാസം 13–ാം തീയതി ( എ.ഡി. 1895 സെപ്റ്റബർ 29) മുറന്തൂക്കിൽ വർക്കി മാത്യു അച്ചന്റെയും വെള്ളിയാമ്മാരിൽ യാക്കോബ്ശെമ്മാശ്ശന്റെയും സാന്നിദ്ധ്യത്തിൽ ഇന്നു കാണുന്ന നമ്മുടെ പാറേൽ പള്ളിയുടെ ശിലാസ്ഥാപനം ബഹു: മേടമന അച്ചൻ നിർവ്വഹിച്ചു. ഈ വൈദീകരുടേയും ഈനാകുളത്തിൽ അച്ചന്റെയും കൂട്ടായ നേതൃത്വത്തിൽ പണികൾ ഭംഗിയായി പൂർത്തികരിച്ചു. കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്താ ആയിരുന്ന മുറിമുറ്റത്തിൽ മാർ ഈവാനിയോസ് തിരുമേനി (പിന്നിട് പ്രഥമ കാതോലിക്കബാവ) 1897–ാം ആ ് ജൂൺ 28–ാം തീയതി വി.കുദാശ നടത്തുകയും 29–ാം തീയതി വി. കുർബ്ബാന അർപ്പിക്കുകയും ചെയ്തു. കാലക്രമേണ പാറേൽ പള്ളി ഒരു ഇടവകയായി തീരുകയും ചെയ്തു.

ഫെബ്രുവരി 1–ഠ 2–ഠ നമ്മുടെ കർത്താവിന്റെ ദേവാലപ്രവേശനം ഈ പള്ളിയിലെ പ്രധാന പെരുന്നാളായി ആഘോഷിച്ചുവരുന്നു. കൂടാതെ ജൂൺ 29–ാം തീയതി മാർ പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മയും പെരുന്നാളായി ആഘോഷിക്കുന്നു. ഇപ്പോൾ ഈ പള്ളിക്ക് ഇടിയാറ സെന്റ്ജോർജ് ചാപ്പൽ, കണ്ണീറ്റുമല മാർഗ്രീഗോറിയോസ് ചാപ്പൽ എന്നി ര ് ചാപ്പലുകളു ്. കൂടാതെ ചെറുകുന്നേൽ താഴത്ത് മാർകുര്യാക്കോസ് സഹദായുടെ നാമത്തിൽ ഒരു പുതിയ ചാപ്പൽ പണിയുന്നതിനുള്ള ശിലാസ്ഥാപനം 12.10.2008 ൽ നടത്തി പണികൾപുരോഗമിച്ചുവരുന്നു.

## സെന്റ്ജോർജ്ജ് ചാപ്പൽ, ഇടിയാറ – സ്ഥാപിതം 1889



പാറേൽ പള്ളി സ്ഥാപിതമാകുന്നതിനു മുമ്പേ സ്ഥാപിതമായിട്ടുള്ളതാണ് ഈ ചാപ്പൽ. ഈ പ്രദേശത്ത് പകർച്ചവ്യാധികളും കൃഷിനാശവും മൂലം ജനങ്ങൾ കഷ്ടമനുഭവിച്ചപ്പോൾ നാട്ടുകാർ ഒന്നടങ്കം ആഗ്രഹിച്ചതിൻ പ്രകാരം ഒരു കുരിശുപള്ളിക്കുവേണ്ടി എടത്തിപ്പറമ്പിൽ ശ്രീ. കുര്യൻ മൂന്നു സെന്റു സ്ഥലം ദാനമായി നല്കി. അങ്ങിനെ ഈ പ്രദേശത്തെ ആദ്യത്തെ ക്രിസ്തീയ സ്ഥാപനം എന്ന പദവി ഏറ്റുവാങ്ങിക്കൊ ് വി.ഗീർവർഗീസ് സഹദായുടെ നാമത്തിൽ ഒരു കുരിശുപള്ളി കൂദാശചെയ്യപ്പെട്ടു.

വർഷങ്ങൾക്കശേഷം, കുരിശുപള്ളി കാലോചിതമായി പുതുക്കിപ്പണിയണമെന്നാഗ്രഹിച്ചു. 19–9–1999 ൽ കണ്ടനാടു ഭദ്രാസനമെത്രാപ്പോലീത്ത ഡോ. മാത്യൂസ് മാർസേവേറിയോസ് തിരുമേനി, പുനർനിർമ്മാണത്തിനു ശിലാസ്ഥാപനം നടത്തി. സാമ്പത്തികബുദ്ധിമുട്ടുകൾ മൂലം നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കാലതാമസമുണ്ടായി.

8–11–2000 ൽ അന്നു നമ്മുടെ പള്ളിവികാരിയയിരുന്ന ബ. വാതക്കാട്ടേൽ വി.എ. മാത്യൂസ് അച്ചന്റെ നേതൃത്വത്തിൽ മുളക്കുളം വലിയപള്ളി വികാരിയായിരുന്ന ബ. ചെമ്മനത്തേൽ വി.എം. പൗലോസ് അച്ചന്റെയും പ്രാർത്ഥനാപൂർവ്വമായ സഹകരണത്തോടെ പഴയ കുരിശുപള്ളി പൊളിച്ച് ഇന്നു കാണുന്ന കുരിശുപള്ളിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചു. പൊതുജനസഹകരണത്തോടെ, ദൈവകൃപയാൽ അതിവേഗം നിർമ്മാണം പൂർത്തീകരിക്കുവാൻ സാധിച്ചു. ഈ ചാപ്പലിന്റെ നിർമ്മാണത്തിനായി സഹകരിച്ച നാനാജാതിമതസ്തരായ ഏവരേയും പ്രാർത്ഥനാപൂർവ്വം സ്മരിക്കുന്നു. പുനർ നിർമ്മിച്ച കുരിശുപള്ളിയുടെ വി.കുദാശ 4–5–2001 ൽ കുന്നംകുളം ഭദ്രാസനാധിപൻ അദിവന്ദ്യ പൗലോസ് മാർ മിലിത്തിയോസ് തിരുമേനി (ഇപ്പോൾ നിയുക്ത കാതോലിക്ക) നടത്തുകയും 5–5–2001 ൽ വി.കുർബ്ബാന അർപ്പിച്ച് കുരിശുപള്ളിയിലെ പ്രധാനപെരുന്നാളാഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. ഈ കുരിശുപള്ളിയിലെ പ്രധാന പെരുന്നാൾ മെയ് മാസം 4,5 തീയതികളിൽ ആഘോഷിച്ചുവരുന്നു. എല്ലാമാസവും 4–ാം ശനിയാഴ്ച വി. കുർബ്ബാനയും അതിന്റെ തലേദിവസം സന്ധ്യയ്ക്ക് പ്രാർത്ഥനയോഗവും നടത്തിവരുന്നു. കുരിശുപള്ളിക്കും പള്ളിമുറിക്കും വേണ്ടി അര സെന്റിനുമുകളിൽ സ്ഥലം ദാനമായി തന്നു സഹായിച്ച തോട്ടുപുറത്തു ശ്രീ.റ്റി.കെ. വർക്കിയേയും കുടുംബത്തേയും നന്ദിയോടെ സ്മരിക്കുന്നു. അക്രൈസ്തവരായ ധാരാളം ആൾക്കാർ ഇവിടെ വന്നു പ്രാർത്ഥിച്ചും വഴിപാടുകൾ ഇട്ടും അനുഗ്രഹം പ്രാപിച്ചു വരുന്നു.

## സെന്റ് ഗ്രീഗോറിയോസ് ചാപ്പൽ കണ്ണീറ്റുമല



തോട്ടുപുറത്തുമലയിൽ തങ്കച്ചന്റെ വീട്ടിൽ വച്ചുനടത്തിയ ഒരു പ്രാർത്ഥനായോഗത്തിൽ അന്നത്തെ പ്രഭാഷകനായിരുന്ന ബ. വി.എ. മാത്യൂസ് അച്ചനിൽനിന്നും ഉണ്ടായ ഒരാശയത്തിന്റെ പൂർത്തീകരണമാണ് ഇന്നുകാണുന്ന കണ്ണീറ്റുമല മാർഗ്രീഗോറിയോസ് ചാപ്പൽ. പ്രാർത്ഥനായോഗശേഷം അച്ചൻ പോയിയെങ്കിലും പ്രാർത്ഥനായോഗത്തിനു സംബന്ധിച്ചവർപിരിഞ്ഞുപോയില്ല. അവർ പ്രാർത്ഥനാപൂർവ്വം ഗൗരവമായിത്തന്നെ അച്ചൻ പറഞ്ഞ ആശയം ചർച്ചചെയ്തു. കുരിശുപള്ളി പണിയുവാൻ തയ്യാറായാൽ അതിനാവശ്യമായ സ്ഥലം ദാനമായിനൽകാമെന്ന് തോട്ടുപുറത്തുമലയിൽ ശ്രീ. വർക്കി പൈലി വാഗ്ദാനം ചെയ്തു. താമസം വിനാകുരിശുപള്ളിക്കുള്ള 6 സെന്റ് സ്ഥലം പാറേൽ പള്ളിയുടെ പേരിൽ ആധാരം ചെയ്തുതന്നു. താമസിയാതെതന്നെ അന്നു വികാരിയും സഹവികാരിയുമായിരുന്ന ചെമ്മനത്തേൽ വി.എം. പൗലോസ് അച്ചൻ വാതക്കാട്ടേൽ വി.എ. മാത്യൂസ് അച്ചനും ചേർന്ന് കുരിശുപള്ളിക്കുള്ള ശിലാസ്ഥാപനം 1–11–1999 നട

ത്തി. കണ്ണീറ്റുമല നിവാസികൾ മതഭേദമോ, കക്ഷിഭേദമോ ഇടവകഭേദമോ നോക്കാതെ ആത്മാർത്ഥമായി ഉത്സാഹിച്ചതിന്റെ ഫലമായി പണികൾ പൂർത്തിയാക്കി. 15–6–2000 ൽ കണ്ടനാടു വെസ്റ്റ് ഭദ്രാസനാധിപൻ ഡോ. മാത്യൂസ് മാർസേവറിയോസ് തിരുമേനി വി. കൂദാശ നിർവ്വഹിക്കുകയും പിറ്റെ ദിവസം വി. കുർബ്ബാന അർപ്പിക്കുകയും ചെയ്തു. ഇപ്പോൾ എല്ലാ മാസവും മൂന്നാം ശനിയാഴ്ച വി.കുർബ്ബാനയും അതിന്റെ തലേദിവസം സന്ധ്യയ്ക്ക് പ്രാർത്ഥനായോഗവും നടത്തിവരുന്നു. എല്ലാ വർഷവും നവംബർ **രണ്ടാം** തീയതിക്കു ശേഷം വരുന്ന ആദ്യത്തെ വെള്ളിയാഴ്ചയും ശനിയാഴ്ചയുമായി ഈ ചാപ്പലിലെ പ്രധാന പെരുന്നാൾ ആഘോഷിച്ചുവരുന്നു. നാനാജാതിമതസ്ഥർക്കും ഒരു അഭയ കേന്ദ്രമായി ഈ കുരിശുപള്ളി പരിലസിക്കുന്നു.

## മാർ കുര്യാക്കോസ് സഹദാചാപ്പൽ ചെറുകുന്നേൽതാഴം



പാറേൽപള്ളിയുടെ തെക്കുകിഴക്കുള്ള ഇലഞ്ഞി ജനതാകവലക്കു സമീപമുള്ള സ്ഥലമാണ് ചെറുകുന്നേൽ ശ്രീ.ഐപ്പച്ചൻ, ഒരു കുരിശുപള്ളി പണിയുന്നതിനുവേണ്ടി പിറവം –ഇലഞ്ഞി റോഡ്സൈഡിൽ ആറേകാൽ സെന്റ് സ്ഥലം നമ്മുടെ പള്ളിയുടെ പേരിൽ ദാനമായി തന്നു. ആ സ്ഥലത്ത് ഒരു കുരിശുപള്ളി പണിയുന്നതിനാവശ്യമായ അനുവാദവും ഇലഞ്ഞി പഞ്ചായത്ത് അധീകൃതരിൽ നിന്നും വാങ്ങിത്തരുകയും ചെയ്തു. അതെ തുടർന്ന് മാർ കുര്യാക്കോസ് സഹദായുടെ നാമത്തിൽ ഒരു കുരിശുപള്ളി പണിയാമെന്നു തീരുമാനിച്ചു. ബ.വാതക്കേട്ടേൽ വി.എ. മാത്യൂസ് അച്ചൻ, ബ. ബിനോയി ജോൺ പട്ടക്കുന്നോൽ അച്ചൻ വന്ദ്യ കോർ എപ്പിസ്കോപ്പാമാരായ ജോൺ തളിയച്ചിറയിൽ അച്ചൻ, പോത്താറയിൽ പി.യു. കുര്യാക്കോസ് അച്ചൻ എന്നിവരുടെ സാന്നിദ്ധ്യത്തിൽ അന്നത്തെ വികാരിയായിരുന്ന ബ.ജോസഫ് കളപ്പുരയിലച്ചൻ 12–10–2008 ൽ കുരിശുപള്ളിക്കുള്ള ശിലാസ്ഥാപനം നടത്തി. സമീപ വാസികളായ അക്രൈസ്തവരും ക്രൈസ്തവരുമായ ധാരളം ജനങ്ങൾ ചടങ്ങിൽ സംബന്ധിച്ചു എന്നത് സ്നേഹപുരസരം സ്മരിക്കുന്നു. ഇപ്പോൾ വികാരിയായിരുന്ന ബ.ജിനോ വർഗീസ് അച്ചന്റെ നേതൃത്വത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ദൈവാനുഗ്രഹപ്രദമായ രീതിയിൽ പണികൾ പൂർത്തീകരിച്ചു കിട്ടുവാൻ നമുക്ക് പ്രാർത്ഥിക്കാം.

## നമ്മുടെ പള്ളിയോട് ചേർന്നുള്ള ഇന്നത്തെ ഗവഃ ഹയർ സെക്കണ്ടറി സ്ക്കൂൾ




പെരുവ, മുളക്കുളം തെക്കും വടക്കുമുള്ള കരകൾ, ഓണക്കൂർ, ഇടപ്പിള്ളിച്ചിറ മുതലായ പ്രദേശങ്ങളിൽ ഒന്നും ഒരു വിദ്യാഭ്യാസ സ്ഥാപനങ്ങളില്ലാതിരുന്ന കാലം. അക്കാലത്ത് ഇന്നത്തെപ്പോലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നതിന് സർക്കാരിൽ നിന്നും സഹായങ്ങളൊന്നും കിട്ടുയിരുന്നില്ല. ഇന്നത്തെ സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന വരെപ്പോലെ ഫീസും മറ്റു ചെലവുകളും വഹിക്കുവാൻ നിവൃത്തിയില്ലാത്ത ജനസമൂഹവും. അക്കാലത്ത് മുളക്കുളം വലിയപള്ളിയുടേയും പാറേൽ പള്ളിയുടേയും വികാരിയായിരുന്ന ബ. വെള്ളിയാമ്മാരിൽ യാക്കോബ് അച്ചൻ നാടിന്റെയും സഭയുടേയും പുരോഗതിക്ക് വിദ്യാഭ്യാസം അനിവാര്യമാണന്ന് മനസിലാക്കി. തിരുവിതാംകൂർ മഹാരാജാവിന്റെ അനുവാദത്തോടെ പാറേൽ പള്ളിയുടെ സ്ഥലത്ത് 1915 ൽ ഒരു പ്രൈമറി സ്ക്കൂൾ സ്ഥാപിച്ചു. പള്ളിവക സ്ക്കൂൾ ആയിരുന്നതിനാൽ പാറേൽ പള്ളിക്കൂടം എന്നറിയപ്പെട്ടിരുന്നു. പഠിപ്പിക്കുവാൻ വരുന്ന അധ്യാപകർക്ക് വേതനവും പഠിക്കാൻ വരുന്ന കുട്ടികൾക്ക് ആവശ്യമായ പഠന സാമഗ്രഹികൾ വാങ്ങുന്നതുനു മറ്റുമായി വരുന്ന ചിലവുകൾ പള്ളിയിൽ നിന്നും അച്ചന്മാർ സ്വന്തം കൈയിൽ നിന്നുമായി വഹിച്ചു പോന്നു. 1921 ൽ മിഡിൽ സ്കൂൾ തലം വരെ ഉയർത്തി. ധാരാളം വിദ്യാർത്ഥികളുമായി. നമ്മുടെ നാട്ടിൽ ആവശ്യത്തിനുള്ള അധ്യാപകരില്ലാതിരുന്നതിനാൽ അധ്യാപകരെ കിട്ടുവാൻ ബുദ്ധിമുട്ടായി. വരുന്ന അധ്യാപകർക്കും താമസിക്കുവാൻ സ്ഥലപരിമിതിയും. ആദ്യകാലങ്ങളിൽ അധ്യാപകരിൽ ചിലർ പാറേൽപള്ളിയുടെ മുറിയിൽ താമസിച്ചിരുന്നു.മറ്റുള്ളവർ സമീപത്തുള്ള വീടുകളിലും. ചെലവുകൾ താങ്ങാവുന്നതിലും അധികമായി. ഭാവിവളർച്ചയെ മുന്നിൽ കണ്ടുകൊ ് ഇപ്പോൾ പള്ളിയുടെ കൈവശം ഇരിക്കുന്ന സ്ഥലത്തിനു പടിഞ്ഞാറോട്ട് റോഡുസൈഡിൽ ഇരിക്കുന്ന കുരിശുപള്ളിയുടെ അടുത്തുവരെയുള്ള സ്ഥലവും അതിലുണ്ടായിരുന്ന കെട്ടിടങ്ങളും സഹിതം സർക്കാരിലേയ്ക്കു സൗജന്യമായി വിട്ടുകൊടുത്തു. 1950 കാലഘട്ടമായപ്പോഴേയ്ക്കും നമ്മുടെ നാട്ടിൽ ഒരു ഹൈസ്കൂൾ അനുവദിച്ചുകിട്ടിയാൽ കൊള്ളാം എന്ന ആഗ്രഹം എല്ലാവരിലും ഉണ്ടായി. അതേ തുടർന്ന് വെള്ളിയാമ്മാരിൽ ജോസഫ് അച്ചൻ, ശീമാൻകുന്നേൽ ഡോ. സ്കറിയ, പൂവത്തുങ്കൽ ശ്രീ പി.റ്റി. കുരുവിള, മേടമന കുഞ്ചാക്കോ മുതലായവർ അന്നത്തെ തിരുക്കൊച്ചി മുഖ്യ മന്ത്രിയെ ചെന്നു കണ്ടു വിവരം ധരിപ്പിച്ചു. അങ്ങനെ നമ്മുടെ നാട്ടിലെ ആദ്യത്തെ ഹൈസ്കൂൾ അനുവദിച്ചു കിട്ടി. സ്ക്കൂളിന് ആവശ്യമായ കെട്ടിടങ്ങൾ സർക്കാരിന്റെയും പൊതുജനങ്ങളുടെയും കൂട്ടായ ശ്രമത്താൽ നിർമ്മിച്ചു നൽകി. സ്ക്കൂളിന്റെ പേര് നാമക്കുഴി ഗവഃഹൈസ്ക്കൂൾ എന്നാവുകയും ചെയ്തു. ഇന്ന് അത് +2 തലം വരെ വളർന്നു. ഈ സ്ക്കൂളിലെ ഒരദ്ധ്യാപകനായിരുന്ന കെ. ജോർജ് വർഗ്ഗീസ് സാറിന്റെ പരിശ്രമഫലമായി നല്ല ഒരു വനിതാ വോളിടീം ഉണ്ടായി. നാമക്കുഴി സിസ്റ്റേഴ്സ് എന്ന നിലയിൽ ദേശീയതലത്തിൽ പ്രസിദ്ധരായി. അതിലൊരാളായ നമ്മുടെ ഇടവകയിൽ പെട്ട കാരമലയിൽ ഓനംകുഞ്ഞ് എന്ന ആളുടെ സഹോദരി ശ്രീമതി കെ.സി. ഏലമ്മ അർജുനാ അവാർഡും കരസ്ഥമാക്കുകയുണ്ടായി.

## പള്ളിയിൽ സേവനം ചെയ്ത വൈദികർ.

### മൊറുന്തൂക്കിൽ വർക്കി മാത്യു അച്ചൻ



കൊല്ലവർഷം 1064 മുതൽ 1116 വരെ (എഡി 1889–1941) നീണ്ട 52 വർഷക്കാലം മുളക്കുളം വലിയ പള്ളിയിൽ സേവനം അനുഷ്ടിച്ചു. കൊല്ല വർഷം 1116 മീനം 1–ാം തീയതി (14–3–1941) കർത്താവിൽ നിദ്രപ്രാപിച്ചു. മുളക്കുളം വലിയപള്ളിയുടെ സെമിത്തേരിയിൽ പ്രത്യേകം തയ്യാറാക്കിയിരിക്കുന്ന കല്ലറയിൽ അടക്കം ചെയ്തിരിക്കുന്നു. ഇദ്ദേഹത്തിന്റെ കാലത്താണ് ഇടിയാറചാപ്പലും പാറേൽ പള്ളിയും സ്ഥാപിതമായത്.

---

### വെള്ളിയാമ്മാരിൽ യാക്കോബ്ബ്അച്ചൻ



വെള്ളിയാമ്മാരിൽ ചാക്കോയുടേയും അച്ചയുടെയും മകനായി ജനിച്ചു. 42 വർഷക്കാലം മുളക്കുളം വലിയ പള്ളിയിലും പാറേൽ പള്ളിയിലുമായി സേവനം അനുഷ്ടിച്ചു. ഉത്തമ ദയറാപട്ടക്കാരനായി ജീവിച്ചു. ഇദ്ദേഹമാണ് പാറേൽ പള്ളിക്കുടത്തിന്റെ (ഇന്ന് ഗവഃഎച്ച്.എസ്.എസ്) സ്ഥാപകൻ. അച്ചന്റെ ഫോട്ടോ സ്ക്കൂൾ ഓഫീസിൽ ഓർമ്മയ്ക്കായി വച്ചിരിക്കുന്നു. മുളക്കുളം വലിയപള്ളി യുടെ സെമിത്തേരിയിൽ പ്രത്യേകെ തയ്യാറാക്കിയിരിക്കുന്ന കല്ലറയിൽ അടക്കം ചെയ്തിരിക്കുന്നു.

---

### വെള്ളിയാമ്മാരിൽ ജോസഫ് അച്ചൻ

ജനനം – 15–4–1922
കശീശാപട്ടം – 2–9–1949



മരണം – 22–6–2000

വെള്ളിയാമ്മാരിൽ സ്കറിയായുടേയും ശോശാമ്മയുടേയും മകനായി ജനിച്ചു. പിതാവിന്റെ കൊച്ചപ്പനായ യാക്കോബ്ബ് അച്ചനിൽ നിന്നും വൈദീകപരിശീലനം നേടി. 27–ാം മത്തെ വയസ്സിൽ പ.ബാസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവായിൽ നിന്നും കശീശ്ശാപട്ടം സ്വീകരിച്ചു. ഒരുത്തമ ദയറാപട്ടക്കാരനായി ജീവിച്ചു. ഔഗേൻ മാർ തീമോത്തിയോസ് തിരുമേനി (പിന്നീട് പ. ഔഗേൻമാർ ബാസേലിയോസ് കാതോലിക്കാബാവ) കണ്ടനാടു ഭദ്രാസനാധിപനായിരുന്ന കാലത്ത് മൂവാറ്റുപുഴ അരമന മാനേജരായും അരമന ചാപ്പൽ വികാരിയായും സേവനം അനുഷ്ടിച്ചു. പൗലോസ് മാർ പീലക്സീനോസ് തിരുമേനി (യാക്കോബായ സഭയിലേക്കു മാറുന്നതിനുമുമ്പ്) കണ്ടനാടു ഭദ്രാസനാധിപനായിരുന്ന കാലത്തും അരമനയിൽ തുടർന്നു. കൂടാതെ മുളക്കുളം വലിയപള്ളി, കർമ്മേൽകുന്നു പള്ളി, കിഴുമുറി പള്ളി, പാമ്പാടി മാടപ്പാട്ടു പള്ളി, കുന്നക്കുരുടി പള്ളി, പെരുമ്പടവം പള്ളി മുതലായ പള്ളികളിലും ബാഹ്യകേരളത്തിൽ മദ്രാസിലും സേവനം അനുഷ്ടിച്ചിട്ടു ്. 1968

മുതൽ ദീർഘകാലം പാറേൽ പള്ളിയിൽ താമസിക്കുകയും പള്ളിവികാരിയായി സേവനം അനുഷ്ടിക്കുകയും ചെയ്തു. അസുഖമായതിനുശേഷം താമസം വീട്ടിലേക്കുമാറ്റി. അവിടെവച്ചു ചരമം പ്രാപിച്ചു. പാറേൽ പള്ളിയുടെ തെക്കെ മുറ്റത്ത് പ്രത്യേകം തയ്യാറാക്കിയിരിക്കുന്ന കല്ലറയിൽ അടക്കം ചെയ്തിരിക്കുന്നു.

**സേവനം ചെയ്തിട്ടുള്ള മററ് വൈദീകർ**

ഇവിടെ സേവനം ചെയ്തിട്ടുള്ള ഏകദേശം എല്ലാ വൈദികരുടേയും പേരുകളാണ് ചേർക്കുന്നത്. പാറേൽ........അച്ചൻ, പീലിപ്പോസ് അണ്ടിച്ചിറ അച്ചൻ, കട്ടക്കയം ജോർജ് അച്ചൻ, ഞാറക്കാട്ടിൽ ഔസേഫ് അച്ചൻ, റ്റി.വി. ആൻഡ്രൂസ് (ചാണ്ടി) അച്ചൻ, പൗലോസ് ചെമ്മനം അച്ചൻ, ഓ.പി. വർഗ്ഗീസ് അച്ചൻ, വി.എ. മാത്യൂസ് വാതക്കാട്ടേൽ അച്ചൻ, എ.എം. മത്തായി കോർ എപ്പിസ്കോപ്പ, സ്കറിയ പി. ചാക്കോ കോർ എപ്പിസ്കോപ്പ, ജോസഫ് കളപ്പുരയിൽ അച്ചൻ ഐസക്ക് കണ്ടത്തിൽ പുത്തൻപുര അച്ചൻ, കോട്ടയം മീനടം വർഗ്ഗീസ് എം. വർഗ്ഗീസ് (ജിനോ) അച്ചൻ.

മാർച്ച് 1 ,2009

**വർഗ്ഗീസ് ജോർജ്, വെള്ളിയാമാരിൽ**